LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2012-13 വർഷം 12 കോടി രൂപയും 2013-14 വർഷം 10 കോടി രൂപയും വകയിരുത്തുകയുണ്ടായി. 2014-15 വർഷം സീ-പ്ലെയിൻ പദ്ധതിക്ക് പ്രത്യേകമായി ഇക ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല.

(ബി) ഇന്ത്യാ വൻകരയിൽ സീ-പ്ലെയിൻ സർവ്വീസുകൾ ആരംഭിക്കുകവഴി ടൂറിസം രംഗത്ത് ഒരു നൂതന ഉൽപ്പന്നം കൂടി വിനോദ സഞ്ചാരികൾക്ക് ലഭ്യമാക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്. പ്രസ്തുത പദ്ധതി കേരളത്തിന്റെ ബ്രാന്റ് ഇമേജ് വർദ്ധിപ്പിക്കുന്നതോടൊപ്പം അതുവഴി സംസ്ഥാനങ്ങളെ വെല്ലുന്ന ഒരു നൂതന ഉൽപ്പന്നം ലഭ്യമാക്കുകയും അതുവഴി ടൂറിസം രംഗത്ത് കൂടുതൽ വിനോദ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കുകയും ചെയ്യുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(സി) മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ അകറ്റുവാൻ നടപടികൾ സ്വീകരിച്ചുകൊണ്ട് പദ്ധതിയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനങ്ങൾ 2014 സെപ്റ്റംബർ മാസത്തോടുകൂടി ആരംഭിക്കുവാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജലവിമാന സർവ്വീസ് ആരംഭിക്കാൻ നടപടി

201 (8262) ശ്രീ. എസ്. ശർമ്മ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. സദാശിവൻ :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പ്രതിഷേധത്തെ തുടർന്ന് ഉപേക്ഷിച്ച ജലവിമാന സർവ്വീസ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; ;

(ബി) ജലവിമാന സർവ്വീസ് സംബന്ധിച്ച വിദഗ്ധ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മത്സ്യത്തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എടുത്ത തീരുമാനങ്ങൾ അറിയിക്കുമോ ?

ഉത്തരം

(എ) 2014 സെപ്റ്റംബർ മാസത്തോടുകൂടി ആരംഭിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) 2-7-2014-ന് വിദഗ്ധ സമിതി റിപ്പോർട്ട് സമർപ്പിക്കുകയും ഇതുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളി സംഘടനകളുമായുള്ള ചർച്ച ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിക്കുന്നതുമാണ്.

പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര വികസനം

202 (8263) ശ്രീ. റ്റി. എൻ. പ്രതാപൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്ത് പരിസ്ഥിതി സൗഹൃദ വിനോദസഞ്ചാര വികസനത്തിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നതെന്നും വിശദാംശങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(സി) ആരെല്ലാമാണ് പദ്ധതി നടത്തിപ്പുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ടെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിനോദസഞ്ചാര മേഖലയിലെ പുതിയൊരു സങ്കൽപ്പമാണ് ഇക്കോടൂറിസം. പരിസ്ഥിതിയുടെ സംസ്കാരവും ചരിത്രവും മനസ്സിലാക്കാനുള്ള സഞ്ചാരമാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. തദ്ദേശീയർക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രകൃതി സമ്പത്ത് സംരക്ഷിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കുകയാണ് ഇക്കോടൂറിസത്തിന്റെ ശൈലി. ഇത്തരത്തിൽ പ്രധാന ഇക്കോടൂറിസം പദ്ധതികൾ നടപ്പിലാക്കിയത് ഇക്കോടൂറിസം കേന്ദ്രങ്ങളായ തെന്മല, കൊച്ചുപമ്പ (ഗവി), വെള്ളിക്കീൽ, അരിപ്പ, ചെല്ലാർകോവിൽ, കമ്പമല, പൊന്മുടി എന്നിവിടങ്ങളിലാണ്. നിലവിലുള്ള ഇക്കോടൂറിസം പദ്ധതികളുടെ പുനരുദ്ധാരണത്തിനാവശ്യമായ ഇടർ സഹായങ്ങളും ഈ കാലഘട്ടത്തിൽ ലഭ്യമാക്കി. ഇക്കോടൂറിസവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളും നടത്താറുണ്ട്. 2014-15 കാലയളവിലെ ഇക്കോടൂറിസം

LIBRARY ARCHIVES Kerala Legislative Assembly